പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1016 — 21.3.2013 ൽ മറുപടിക്ക്

**അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി**

**ചോദ്യം** — **മറുപടി**

ശ്രീ. പി. എ.മാധവൻ :
ശ്രീ. വി.റ്റി. ബൽറാം :
ശ്രീ. എ.റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ.പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | എ) | ഉണ്ട്. 102 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 120 ബാച്ചുകളിൽ എ.എസ്.എ.പി. പരിശീലനം ആരംഭിച്ചു. |
| ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) | യുവതലമുറയെ അവരുടെ വിദ്യാഭ്യാസ കാലയളവിൽ തന്നെ തൊഴിൽ മേഖലയിൽ പ്രാവീണ്യം നൽകുക വഴി വൈദഗ്ദ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ;വിശദമാക്കുമോ; | സി) & ഡി) | പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ സ്കിൽ ട്രയിനിംഗ് കോഴ്സുകൾ നടത്തുന്നതിന് വിവിധ ഏജൻസികളുടെ സഹായം തേടുന്നുണ്ട്. ഐ.ടി.സെക്ടറിൽ ട്രയിനിംഗ് നടത്തുന്നതിന് നാസ്കോമുമായും ഫിനാൻഷ്യൽ സെക്ടറിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആന്റ് വർക്ക് അക്കൌണ്ട്സുമായും മൊബൈൽ ,നെറ്റ് വർക്കിംഗ് എന്നിവയിൽ ട്രെയിനിംഗ് നടത്തുന്നതിനായി ബി.എസ്.എൻ എല്ലുമായും ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. |
| ഡി) | പദ്ധതി നടത്തിപ്പിനായി ആരെല്ലാമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം; | | |
| ഇ) | ഇതുകൊണ്ട് എന്ത് നേട്ടങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ? | ഇ) | വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് അതേ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ കഴിയും. പ്രായോഗിക പരിജ്ഞാനവും ഈ ഏജൻസികൾ ലഭ്യമാക്കും. കൂടാതെ ദേശീയ അന്തർദേശീയ അംഗീകാരമുള്ള ഏജൻസികളുടെ സർട്ടിഫിക്കറ്റും വിദ്യാർത്ഥികൾക്ക് ലഭ്യമാകും. |

സെക്ഷൻ ഓഫീസർ.